# കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - ബേക്കർ കോളനി

കേരള സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം സാമൂഹ്യവികസന പരിപാടികളുടെ ഭാഗമായി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഒന്നാംഘട്ടമായി തൃശ്ശൂർ കോർപ്പറേഷനിൽ 10 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആനപ്പാറ കുംബാര കോളനി, വട്ടക്കല്ല് കോളനി, പോപ്പ് നഗർ കോളനി, ലക്ഷംവീട് കോളനി, ലക്ഷംവീട് നാല്സെന്റ് കോളനി, മത്തായിപുരം കോളനി, തെക്കേ അടിയാറ കോളനി, ബേക്കർ കോളനി, തൃക്കുമാരകുടം കോളനി, കണ്ണൻകുളങ്ങരതുരുത്ത് കോളനി എന്നിവയാണ് ഒന്നാംഘട്ടമെന്ന നിലയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതിയിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മാണം, അംഗൻവാടി നിർമ്മാണം, റോഡ് നവീകരണ പ്രവർത്തനങ്ങൾ, കുടിവെള്ള പദ്ധതികൾ, തെരുവുവിളക്കിനായി വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ, ലൈബ്രറിഹാൾ നിർമ്മാണം, ഡ്രെയിനേജ്, ശുചിത്വസംവിധാനങ്ങൾ തുടങ്ങി ഒരു കോളനിയുടെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുന്നു.

നിശ്ചയിക്കപ്പെട്ട കോളനികളുടെ ആവശ്യാന്വേഷണ സർവ്വേ യോഗങ്ങൾ ചേർന്ന് തദ്ദേശവാസികൾ ആവശ്യങ്ങൾ ഉന്നയിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് സർവ്വേ നടത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം ബേക്കർ കോളനിയിൽ കമ്മ്യൂണിറ്റിഹാൾ, റോഡ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിന് സമാരംഭം കുറിക്കുകയാണ്. ഇതിനായി 10,31,934/- (പത്ത് ലക്ഷത്തി മുപ്പത്തൊന്നായിരത്തി തൊള്ളായിരത്തി മുപ്പത്തി നാല്) രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കോളനി നിവാസികളെ സംബന്ധിച്ച് ഒരു കമ്മ്യൂണിറ്റിഹാൾ ഉണ്ടാകുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ വീട്ടുകാർക്കും ഒത്തുകൂടുന്നതിനും കുടുംബപരമായ പരിപാടികൾ നടത്തുന്നതിനും സാമൂഹ്യപരിപാടികൾ നടത്തുന്നതിനും ഇത് വളരെ സഹായകരമാകും. ഈ പ്രദേശത്തുകാരുടെ സ്വത്ത് എന്ന നിലയിൽ ഇത് കാണുകയും സംരക്ഷിച്ച് ദീർഘകാലം ഉപയോഗിക്കുകയും ചെയ്യേണ്ടത് എല്ലാവരുടേയും ഉത്തരവാദിത്വമാണ്.

ഇതിനോടകം തന്നെ നെടുപുഴ ലക്ഷംവീട് കോളനിയ്ക്കുവേണ്ടിയുള്ള കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ബാക്കിയുള്ള 8 കോളനികളിലും വരുംദിവസങ്ങളിൽ ഇത്തരം പ്രവൃത്തികൾ ആരംഭിക്കുകയാണ്. കൂടാതെ ഈ വർഷം 20 കോളനികൾ കൂടി ഈ പ്രവർത്തികൾക്ക് ഏറ്റെടുക്കുവാനും കോർപ്പറേഷൻ നിശ്ചയിച്ചിട്ടുണ്ട്.




ബേക്കർ കോളനിയ്ക്ക് വേണ്ടിയുള്ള കമ്മ്യൂണിറ്റി ഹാളിന്റെ തറക്കല്ലിടൽ കർമ്മം ബഹു.ഡെപ്യൂട്ടി മേയർ ശ്രീ.എം.വിജയൻ നിർവ്വഹിക്കുന്നു.



കമ്മ്യൂണിറ്റി ഹാളിന്റെ അസ്ഥിവാരം പണി പുരോഗമിക്കുന്നു.